പതിമൂന്നാം കേരള നിയമസഭ

<u>രണ്ടാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5317 2510.2011-ൽ മറുപടിയ്ക്ക്

## മലയാളം ഒന്നാം ഭാഷയായി അംഗീകരിച്ച് പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) മലയാളം ഒന്നാം ഭാഷയായി അംഗീകരിച്ച് പഠനം ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുമോ ; | (എ) ബഹു ഭൂരിപക്ഷം സ്കൂളുകളിലും ഇപ്പോൾ മലയാളം ഒന്നാം ഭാഷയാണ്. കന്നട, തമിഴ്, ഗുജറാത്തി തുടങ്ങിയവ മാതൃഭാഷയായുള്ള കുട്ടികൾക്ക് മാതൃഭാഷ ഒന്നാം ഭാഷയായി പഠിക്കാൻ അവസരം നൽകേണ്ടതുണ്ട്. ഓറിയന്റൽ സ്കൂളുകളുടെ കാര്യത്തിലും ഇത് ബാധകമാണ്. ഇത്തരം സ്കൂളുകളുൾപ്പെടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

(..............2)

(ബി) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ മലയാളം ഒന്നാം ഭാഷയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

(ബി) ഇംഗ്ലീഷ് ഒന്നാം ഭാഷയായും മലയാളമുൾപ്പെടെയുള്ള മറ്റു ഭാഷകൾ രണ്ടാം ഭാഷയുമായും പഠിക്കുന്ന സമ്പ്രദായമാണ് ഹയർ സെക്കണ്ടറി വിഭാഗത്തിൽ നിലവിലുള്ളത്. പ്രസ്തുത വിദ്യാലയങ്ങളിൽ രണ്ടാം ഭാഷയായി മലയാളം നിർബന്ധമായി പഠിക്കാൻ അവസരം ലഭ്യമാകും വിധം നടപടി ക്രമങ്ങൾ രൂപപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ